സ്വാശ്രയ എഞ്ചിനീയറിംഗ്/മെഡിക്കൽ കോളേജുകളിലെ പ്രവേശനം

135 (2076) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ സർക്കാർ മേഖലയിലും സ്വാശ്രയ മേഖലയിലും പ്രവർത്തിക്കുന്ന എഞ്ചിനീയറിംഗ്/മെഡിക്കൽ കോളേജുകൾ ഏതെല്ലാം; ലിസ്റ്റിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ബി) ഗവൺമെന്റ് എഞ്ചിനീയറിംഗ്/മെഡിക്കൽ കോളേജുകളിൽ ആകെ എത്ര കുട്ടികൾക്കാണ് പ്രവേശനം നൽകുന്നത് ; പ്രസ്തുത മേഖലയിൽ എത്ര രൂപയാണ് വാർഷിക ഫീസ് ഈടാക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) സ്വാശ്രയ എഞ്ചിനീയറിംഗ്/മെഡിക്കൽ കോളേജുകളിൽ എത്ര കുട്ടികൾക്കാണ് മെരിറ്റ് അടിസ്ഥാനത്തിലും പേമെന്റ് അടിസ്ഥാനത്തിലും പ്രവേശനം നൽകുന്നതെന്നും ഇവരിൽ നിന്നും പ്രതിവർഷം എത്ര ഫീസാണ് ഈടാക്കുന്നതെന്നും തരം തരിച്ച് വ്യക്തമാക്കുമോ ;

(ഡി) കുട്ടികളുടെ പ്രവേശന വ്യവസ്ഥകളിലും ഫീസിന്റെ വ്യവസ്ഥകളിലും സർക്കാർ മാനേജുമെന്റുമായി കരാർ ഉണ്ടാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ കോപ്പി ലഭ്യമാക്കുമോ ;

(ഇ) സ്വാശ്രയ കോളേജുകളിലെ അദ്ധ്യയനത്തിന്റെ ഗുണനിലവാരം ഉറപ്പാക്കാൻ സർക്കാർ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിൽ 2624 സീറ്റുകളും എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ 1390 സീറ്റുകളുമാണ് ഉള്ളത്. ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ 700 പേർക്കാണ് പ്രവേശനം നൽകുന്നത്. ടി കോളേജുകളിലെ ഫീസ് വിവരം താഴെ കൊടുക്കുന്നു.

എഞ്ചിനീയറിംഗ് (ഗവ./എയിഡഡ് കോളേജുകൾ)

ട്യൂഷൻ ഫീസ്	4,000 രൂപ (പ്രതിവർഷം)
അഡ്മിഷൻ ഫീസ്	150 രൂപ
സ്പെഷ്യൽ ഫീസ്	1,000 രൂപ (പ്രതിവർഷം)

മെഡിക്കൽ കോഴ്സുകൾ

ഗവ. മെഡിക്കൽ കോളേജിൽ വാർഷിക ഫീസ് 8,750 രൂപ

(സി) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ 13,125 പേർക്കാണ് പ്രവേശനം നൽകുന്നത്. (ഗവൺമെന്റ് ക്വാട്ടാ, മാനേജ്മെന്റ് ക്വാട്ടാ) അഞ്ച് സ്വാശ്രയ മെഡിക്കൽ കോളേജുകളിലായി 500 പേർക്ക് പ്രവേശനം നൽകുന്നുണ്ട്. ഫീസ് വിവരം താഴെ കൊടുക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

എഞ്ചിനീയറിംഗ് (ഗവൺമെന്റ് സീറ്റ്)	
ട്യൂഷൻ ഫീസ്	36,000 രൂപ (പ്രതിവർഷം)
അഡ്മിഷൻ ഫീസ്	150 രൂപ
സ്പെഷ്യൽ ഫീസ്	1,000 രൂപ (പ്രതിവർഷം)
കാഷൻ ഡെപ്പോസിറ്റ്	5,000 രൂപ
യൂണിവേഴ്സിറ്റി ഫീസ്	അതത് യൂണിവേഴ്സിറ്റികൾ നിശ്ചയിക്കുന്നത്

വാർഷിക കുടുംബ വരുമാനം 60,000 രൂപയിൽ കുറവായവർക്ക് സർക്കാർ സീറ്റുകളിൽ ട്യൂഷൻ ഫീസ് 18,000 രൂപയായി കുറച്ചിട്ടുണ്ട്. മാനേജ്മെന്റ് സീറ്റുകളിൽ പ്രവേശനം നേടുന്നവർക്ക് പലിശ രഹിത വായ്പ തിരികെ നൽകുന്ന നിക്ഷേപമായി ഒരു ലക്ഷത്തിൽ കവിയാത്ത തുക വാങ്ങുവാൻ മാനേജുമെന്റുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. സ്വാശ്രയ മെഡിക്കൽ കോളേജിലെ 2003-04 വാർഷിക ഫീസ് നിശ്ചയിച്ചിട്ടില്ല.

(ഡി) 2003-04-ലേക്ക് അഗീകാരം നൽകിയ കോളേജുകൾക്ക് കുട്ടികളുടെ പ്രവേശന വ്യവസ്ഥകളിൽ കരാർ ഉണ്ടാക്കിയിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കുന്നു. *

(ഇ) ഇക്കാര്യത്തിൽ എ.ഐ.സി.ടി. യുടെ നിബന്ധനകളും നിർദ്ദേശങ്ങളും പാലിക്കാൻ സ്വാശ്രയ കോളേജുകൾ ബാദ്ധ്യസ്ഥരാണ്.

സ്വാശ്രയ മേഖലയിൽ പ്രൊഫഷണൽ കോളേജുകൾ ആരംഭിക്കുന്നതിനായി എൻ.ഒ.സി-ക്ക് അപേക്ഷിക്കുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകൾ

136 (2077) ശ്രീ. ടി. എച്ച്. മുസ്തഫ :
ശ്രീ. ഡി. സുഗതൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. മോഹൻ കുമാർ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വാശ്രയ മേഖലയിൽ പ്രൊഫഷണൽ കോളേജുകൾ ആരംഭിക്കുന്നതിനായി എൻ.ഒ.സി. യ്ക്ക് അപേക്ഷിക്കുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകൾ എന്തെല്ലാം ;

(ബി) പ്രസ്തുത വ്യവസ്ഥ എന്നുമുതൽക്കാണ് ബാധകമാകുന്നത് ;

(സി) ഇതുവരെ അനുവദിച്ച സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾക്ക് പ്രസ്തുത വ്യവസ്ഥകൾ ബാധകമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) സംസ്ഥാനത്ത്, സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ, ബി.എഡ്. കോളേജുകൾ എന്നിവ ആരംഭിക്കുന്നതിനായി എല്ലാ വർഷവും എ.ഐ.സി.റ്റി.ഇ./ എൻ.സി.റ്റി.ഇ. അപേക്ഷ ക്ഷണിക്കാറുണ്ട്. ഈ വിജ്ഞാപനപ്രകാരം സമർപ്പിക്കുന്ന

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly